(ബി) ടി സർക്കാർ ഉത്തരവുപ്രകാരം ഏതൊരു ഗ്രാമപഞ്ചായത്തിനും നഗരപ്രദേശഭരണ സ്ഥാപനത്തിനും ഇൻഷ്വറൻസ് പരിപാടി നടപ്പാക്കാവുന്നതാണ്.

(സി) ഇൻഷ്വർ ചെയ്തിട്ടുള്ള തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടംമൂലം മരണം സംഭവിക്കുകയാണെങ്കിൽ ഒരു വർഷം രൂപയും സ്ഥിരമായി അംഗഭംഗം ഉണ്ടാവുകയാണെങ്കിൽ 50,000 രൂപയും ഭാഗികമായി അംഗവൈകല്യം ഉണ്ടാവുകയാണെങ്കിൽ 10,000 രൂപയും ഇൻഷ്വറൻസ് തുകയായി നൽകുന്നതാണ്.

(ഡി) ഒരു തൊഴിലാളിക്ക് 30 രൂപയാണ് വാർഷിക പ്രീമിയമായി പദ്ധതി വിഹിതത്തിൽനിന്നും അടയ്ക്കുന്നത്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇറച്ചിവ്യാപാരം നടത്തുന്നതിനുള്ള വ്യവസ്ഥകൾ

43 [2388] *ശ്രീ. തനിമാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇറച്ചിവ്യാപാരം നടത്തുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യാപാര സ്ഥലങ്ങളിൽ മൃഗങ്ങളുടെ തലയുൾപ്പെടെയുള്ള ശരീരഭാഗങ്ങൾ പൊതുജനങ്ങൾക്ക് അറപ്പുളവാക്കുന്നതരത്തിൽ പ്രദർശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇറച്ചിവ്യാപാരം നടത്തുന്നതിനുള്ള ലൈസൻസ് നൽകുന്നത് 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ടിലെ 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത്‌രാജ് (കശാപ്പുശാലകളും, ഇറച്ചിക്കടകളും) ചട്ടങ്ങൾ, 1999-ലെ കേരള മുനിസിപ്പാലിറ്റി ചട്ടത്തിലെ 452 മുതൽ 455 വരെയുള്ള ചട്ടങ്ങൾ എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ്.

(ബി) & (സി) കേരള ഹൈക്കോടതിയുടെ ഉത്തരവിൻപ്രകാരം നഗരസഭാ പ്രദേശങ്ങളിൽ ഇറച്ചിവ്യാപാര സ്ഥാപനങ്ങളിൽ പൊതുജനങ്ങൾക്ക് അറപ്പും വെറുപ്പും ഉളവാക്കുന്ന രീതിയിൽ മൃഗങ്ങളുടെ ശരീരഭാഗങ്ങൾ പ്രദർശിപ്പിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് എല്ലാ നഗരസഭാ

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം നഗരസഭകളിലെ പെർമിറ്റ് സ്കാഡ് പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ നബാർഡ് നടത്തുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

44 [2389] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, എം. എ. ചന്ദ്രശേഖരൻ:
,, കെ. സുധാകരൻ:
,, വൃന്ദ കാരിസ്:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ ദത്തെടുക്കുന്ന പദ്ധതിയനുസരിച്ച് സംസ്ഥാനത്തുള്ള എത്ര ഗ്രാമപഞ്ചായത്തുകളെയാണ് നബാർഡ് ദത്തെടുക്കുന്നത്;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തുവാനാണ് നബാർഡ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത വികസന പ്രവർത്തനം നടത്തുന്നത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് നബാർഡിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രോജക്ട് റിപ്പോർട്ടുണ്ടാക്കുന്നതിന് സംസ്ഥാനത്തെ വിവിധ ഗവൺമെന്റ് വകുപ്പുകൾ എന്തെല്ലാം സഹായം നൽകിയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നബാർഡ് ഗ്രാമപഞ്ചായത്തുകളെ ദത്തെടുക്കുന്ന പദ്ധതി നിലവിലില്ല.

(ബി) (ഡി) ബാധകമല്ല.

വായ്പാധിഷ്ഠിത ഭവന നിർമ്മാണ പദ്ധതി

45 [2390] ശ്രീ. തോമസ് പാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly